**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 519** 09-11-2021 - ൽ മറുപടിയ്ക്ക്

**കലാ സാംസ്കാരിക പ്രവർത്തനങ്ങളിലെ സ്ത്രീ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്, ശ്രീ പ്രമോദ് നാരായൺ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ശ്രീ. ജോബ് മൈക്കിൾ** | | **Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾ സിനിമ, സാംസ്കാരിക, കലാ പ്രവർത്തനങ്ങളിലേക്ക് കൂടുതലായി കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ സ്ത്രീ സംവിധായകർക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന് പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സിനിമാ രംഗത്ത് സ്ത്രീ സംവിധായകർക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഡി. സി.യുടെ ആഭിമുഖ്യത്തിൽ ചലച്ചിത്രങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 വർഷത്തിലെ പദ്ധതി പ്രകാരം വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്നതിനായി രണ്ടു സിനിമകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രദർശനത്തിനു തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് 2020-21 ലും, 2021-22-ലും വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്നതിനായി രണ്ടു ചലച്ചിത്രങ്ങൾ വീതം നിർമ്മിക്കുന്ന പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു. ഇതിനായി ഒരു ചിത്രത്തിന് 1.50 കോടി രൂപ വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. സ്ത്രീകൾക്ക് കൂടുതലായി അവസരമൊരുക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അവാർഡിൽ സ്പെഷ്യൽ അവാർഡ് ഫോർ വിമൻ എന്ന കാറ്റഗറി 2020 മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സിനിമയുടെ സാങ്കേതിക രംഗത്തേക്കു കടന്നുവരാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് മാർഗനിർദേശം നൽകുന്നതിനു വേണ്ടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നൈപുണ്യ വികസന പദ്ധതി (Skill Development Programme) ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി നടപ്പ സാമ്പത്തിക വർഷത്തെ ചലച്ചിത്ര അക്കാദമിയുടെ ബജറ്റിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ത്രീസമത്വത്തിനായുള്ള സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയായ "സമം" എന്ന പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായി ചലച്ചിത്ര അക്കാദമി നിർമ്മിക്കുന്ന ബോധവത്കരണ വീഡിയോകൾ, സിഗ്നേച്ചർ ഫിലിം എന്നിവയുടെ ആശയവും സംവിധാനവും നിർവഹിക്കുന്നത് അക്കാദമിയുടെ വീഡിയോ ഡോക്യുമെന്റേഷൻ പാനലിൽ ഉള്ള വനിതകൾ ആണ്. ചലച്ചിത്ര സംബന്ധിയായ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനു വേണ്ടി ചലച്ചിത്ര അക്കാദമി അനുവദിച്ച 26 ഫെലോഷിപ്പുകളിൽ 14 ഉം നേടിയത് വനിതകളാണ്. 12 റിസർച്ച് ഗ്രാൻറ് ജേതാക്കളിൽ 5 പേർ വനിതകളാണ്. |

സെക്ഷൻ ഓഫീസർ